പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 516      20.06.2011 ൽ മറുപടിയ്ക്ക്

## മരുന്നുവില നിയന്ത്രിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.കെ.ലതിക | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പുമന്ത്രി) |
| (എ) ജീവൻരക്ഷാമരുന്നുകൾ ഉൾപ്പെടെയുള്ള മരുന്നുകൾക്ക് സംസ്ഥാനത്ത് അനിയന്ത്രിതമായി വിലവർദ്ധിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട് |
| (ബി) എങ്കിൽ മരുന്നുവില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ? | (ബി) കേന്ദ്ര നിയമമായ Essential Commodities Act 1955 പ്രകാരം കേന്ദ്ര സർക്കാർ പാസാക്കിയ ഡ്രഗ്സ് (പ്രൈസസ് കൺട്രോൾ ) ഓർഡർ 1995 പ്രകാരം നാഷണൽ ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (NPPA) ആണ് മരുന്നുകളുടെ സീലിംഗ് പ്രൈസ് കാലാകാലങ്ങളിൽ സർക്കാർ നോട്ടിഫിക്കേഷൻ വഴി തീരുമാനിക്കുന്നത് . സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിന് മരുന്നുകളുടെ വില നിശ്ചയിക്കുന്നതിൽ ഒരു അധികാരവും ഇപ്പോൾ ഇല്ല. NPPA പ്രസിദ്ധീകരിക്കുന്ന നോട്ടിഫിക്കേഷനു വിരുദ്ധമായി സംസ്ഥാനത്ത് ഏതെങ്കിലും മരുന്നുകൾ വില്പന നടത്തിയാൽ ഇപ്രകാരമുള്ള വില്പന ഉടനടി നിർത്തിവച്ച് നിർമ്മാതാവിനെതിരായി നടപടി സ്വീകരിക്കുവാൻ വേണ്ടി NPPA യെ വിവരം അറിയിക്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ